''ഒരു ദേശത്തെക്കുറിച്ച് രേഖപ്പെടുത്തപ്പെട്ട അറിവിന്റെ പൂർണമായ ശേഖരം അവിടത്തെ ദേശീയഗ്രന്ഥാലയത്തിൽ ഉണ്ടാവണം. ആ ദേശത്തെ എല്ലാ ജനങ്ങൾക്കും അനായാസം സമീപിക്കാനാവുന്നതാവണം ആ വിജ്ഞാന ശേഖരം.'' ഈ അടിസ്ഥാനത്തിൽ നിന്ന് എത്ര അകലെയാണു ദേശീയ ഗ്രന്ഥാലയം എന്നു വെളിവാക്കുന്നു ഈ പഠനം.

# ഭാരത ദേശീയഗ്രന്ഥാലയം: ഒരവലോകനം

## ആർ. രാമൻനായർ

ദേശീയഗ്രന്ഥാലയത്തിന്റെ സംവിധാനത്തെയും പ്രവർത്തനരീതികളെയും ലക്ഷ്യങ്ങളെയും കുറിച്ച് വിവിധ ദേശങ്ങളിൽ വ്യത്യസ്ത അഭിപ്രായങ്ങളാണ് നിലനിൽക്കുന്നത്. ലോകത്തെവിടെയെങ്കിലും രേഖപ്പെടുത്തപ്പെടുന്ന എന്തറിവും കാലതാമസമില്ലാതെ ശേഖരിക്കുവാൻ ശ്രമിക്കുന്ന അതിബൃഹത്തായ ഒരു സംവിധാനം മുതൽ കേരളത്തിലെ ഒരു കൊച്ചു ഗ്രന്ഥാലയത്തിന്റെയത്രപോലും വലിപ്പമില്ലാത്ത ഗ്രന്ഥാലയങ്ങൾ വരെ പല രാജ്യങ്ങളിൽ ദേശീയ ഗ്രന്ഥാലയങ്ങളായി നിൽക്കുന്നു. എങ്കിലും ദേശീയ ഗ്രന്ഥാലയത്തിന് തീർത്തും വ്യത്യസ്തമായ സംവിധാനങ്ങൾ നിർദേശിക്കുന്ന അഭിപ്രായങ്ങളൊക്കെയും ചില അടിസ്ഥാനപരമായ കാര്യങ്ങളിൽ യോജിപ്പ് പ്രകടമാക്കുന്നു. ''ഒരു ദേശത്തെക്കുറിച്ച് രേഖപ്പെടുത്തപ്പെട്ട അറിവിന്റെ പൂർണമായ ശേഖരം അവിടത്തെ ദേശീയ ഗ്രന്ഥാലയത്തിൽ ഉണ്ടാവണം. ആ ദേശത്തെ എല്ലാ ജനങ്ങൾക്കും അനായാസം സമീപിക്കാനാവുന്നതാവണം ആ വിജ്ഞാനശേഖരം.''

ഭാരതത്തിലെ സംസ്ഥാനങ്ങളെ, നഗര ഗ്രാമങ്ങളെ, ഭാഷകളെ സാമ്പത്തിക സാമൂഹിക തലങ്ങളെ വേർതിരിക്കുന്ന അതിർവരമ്പുകൾ കടന്ന് ഇവിടത്തെ ഓരോ പൗരനും സേവനമെത്തിക്കാനാവുന്ന ഒരു ഗ്രന്ഥാലയമായിരിക്കണം ഭാരതത്തിന്റെ ദേശീയ ഗ്രന്ഥാലയം. ഇത്തരമൊരു സേവന വ്യാപ്തിയുടെ കാര്യത്തിൽ, ദേശീയഗ്രന്ഥാലയം കൊണ്ടുദ്ദേശിക്കുന്ന ശേഖരത്തിന്റെ പൂർണത കൈവരിക്കുന്ന കാര്യത്തിൽ, ശേഖരിച്ചവയുടെയെങ്കിലും സംരക്ഷണത്തിന്റെയും ഉപയോഗത്തിന്റെയും കാര്യത്തിൽ കൽക്കത്തായിൽ സ്ഥാപിച്ചിരിക്കുന്ന നമ്മുടെ ദേശീയഗ്രന്ഥാലയത്തിന് ഒരു ദേശീയ ഗ്രന്ഥാലയമായി ഉയരാൻ കഴിഞ്ഞിട്ടുണ്ടോ?

ഇമ്പീരിയൽ ലൈബ്രറി ആയി ഉയർത്തിയ ഈ ശേഖരം പൊതുജനങ്ങൾക്ക് തുറന്നു കൊടുത്തുകൊണ്ട് 1902–ൽ കഴ്സൺപ്രഭു പറഞ്ഞു. ''ഇത് ഒരു റഫറൻസ് ലൈബ്രറി ആയി പ്രവർത്തിക്കണമെന്ന് ആണ് ഉദ്ദേശി

R. Raman Nair,
Librarian Grade I. Government College,
Kasaragod–670 123.

ക്കപ്പെട്ടിരിക്കുന്നത്. ഭാരതത്തെക്കുറിച്ചുള്ള ലിഖിതമായ എല്ലാ അറിവും ശേഖരിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന ഒരു സ്ഥാപനം.'' ഗ്രന്ഥാലയശാസ്ത്രവും പ്രവർത്തനരംഗങ്ങളും കഴ്സൺപ്രഭുവിന്റെ ആ ദിനങ്ങൾക്ക് ശേഷം അസാധരണമായ വികാസം പ്രാപിച്ചു കഴിഞ്ഞിരിക്കുന്നു. ഒരു ദേശീയഗ്രന്ഥാലയത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങളെക്കുറിച്ചുള്ള വീക്ഷണങ്ങളും ഇന്ന് വളരെ ഉയർന്ന ഒരു തലത്തിലെത്തിയിരിക്കുന്നു. എങ്കിലും കഴ്സൺപ്രഭുവിന്റെ ആ വാക്കുകളിൽ, ഒരു ദേശീയ ഗ്രന്ഥാലയത്തിന്റെ, ഭാരതത്തിന്റെ ദേശീയ ഗ്രന്ഥാലയത്തിന്റെ പ്രാഥമിക കർത്തവ്യത്തെക്കുറിച്ചുള്ള ബോധം നിറഞ്ഞു നിൽക്കുന്നു. ഭാരതത്തെക്കുറിച്ചുള്ള രേഖപ്പെടുത്തപ്പെട്ട അറിവ് പൂർണമായും റഫറൻസിന് ലഭ്യമായിരിക്കുന്ന ഒരു ഗ്രന്ഥാലയം എന്ന ബോധം. പക്ഷേ വിവിധ ഗ്രന്ഥാലയ സേവന രംഗങ്ങളിലേക്ക് യാതൊരു തത്വദീക്ഷയുമില്ലാതെ പടർന്നുകയറി കാര്യക്ഷമമല്ലാത്തവിധം വളർന്ന് പരാജയത്തിന്റെ പടുകുഴിയിലേക്കാണ്ടിറങ്ങുന്ന നമ്മുടെ ദേശീയ ഗ്രന്ഥാലയം കഴ്സൺപ്രഭു സൂചിപ്പിച്ച ആ പ്രധാന കർത്തവ്യത്തെ എന്നോ വിസ്മരിച്ചു കഴിഞ്ഞു; ഒപ്പം ആർക്കുവേണ്ടിയാണ് ഈ സ്ഥാപനത്തെ നിലനിർത്തിയിരിക്കുന്നതെന്ന കാര്യവും. ഭാരതത്തെക്കുറിച്ച് ഭാരതത്തിൽ പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളെങ്കിലും പൂർണമായും സംഭരിക്കുന്നതിൽ, ശേഖരിച്ചവയെങ്കിലും ഉപയോഗക്ഷമമായി ക്രമീകരിക്കുന്നതിൽ, ഒക്കെ നമ്മുടെ ദേശീയ ഗ്രന്ഥാലയം അമ്പേ പരാജയപ്പെട്ടിരിക്കുന്നു.

## പ്രായോഗിക പ്രശ്നങ്ങൾ

ദേശീയ ഗ്രന്ഥാലയത്തിന്റെ പ്രവർത്തനങ്ങൾക്ക് ഇന്ന് നേതൃത്വം നൽകുന്നവർ ഭാരതത്തിന്റെ പ്രത്യേക സാഹചര്യങ്ങളെ കണക്കിലെടുക്കുന്നില്ല എന്നത് പരാജയത്തിന്റെ ഒരു പ്രധാന കാരണമാണ്. ഈ ഗ്രന്ഥാലയത്തെ പുനഃസംവിധാനം ചെയ്യാനുള്ള ശ്രമങ്ങൾക്ക് നിയോഗിക്കപ്പെട്ടവരൊക്കെയും മററ് രാജ്യങ്ങളെ, പ്രത്യേകിച്ചും ബ്രിട്ടീഷ് നാഷണൽ ലൈബ്രറിയെ അനുകരിക്കാനാണ് ശ്രമിച്ചത്. മറെറാരു ദേശത്തെ നാഷണൽ ലൈബ്രറിയുടെ സംവിധാനത്തെ നമ്മൾ അപ്പടി പകർത്തി വെയ്ക്കുന്നതുകൊണ്ട് കാര്യമില്ല. ഉദാഹരണത്തിന് ഭാഷയുടെ കാര്യം മാത്രമെടുക്കുക. ബ്രിട്ടനിലാണെങ്കിൽ 99% കൃതികളും പ്രസിദ്ധീകരിക്കപ്പെടുന്നത് ഇംഗ്ളീഷിൽത്തന്നെയാണെന്നത് അവിടത്തെ ഗ്രന്ഥസംഭരണ പ്രവർത്തനങ്ങളെ സുഗമമാക്കുന്നു. നമ്മുടെ രാജ്യത്തെ സ്ഥിതിയോ?

മുപ്പതു ലക്ഷത്തോളം ചതുരശ്രകിലോമീററിലായി പരന്നുകിടക്കുന്ന മുപ്പതു പ്രധാന ഭാഷകളും അത്രത്തോളം തന്നെ ലിപികളും നൂററിഅറുപതോളം സംസാര ഭാഷകളും ഉപയോഗിക്കുന്ന ഒരു രാജ്യമാണിത്. ഇരുപതോളം ഭാഷകളിലായി അത്രയുംതന്നെ ലിപികളുള്ള നാൽപതിനായിരത്തിലധികം പുസ്തകങ്ങളും അതിന്റെ ഇരട്ടിയോളം വരുന്ന മററു രേഖകളും ഓരോ വർഷവും പ്രസിദ്ധീകരിക്കുന്ന പന്തീരായിരത്തോളം സ്ഥാപനങ്ങളാണ് ഇന്ത്യയിൽ ഉള്ളത്. ഇങ്ങനെയൊരു രാജ്യത്തുണ്ടാകുന്ന പുസ്തകങ്ങളും മററു രേഖകളും കൽക്കത്തയിലെയോ ഡൽഹിയിലെയോ ഒരു സ്ഥാപനത്തിലായി ശേഖരിക്കുകയും ഉപയോഗക്ഷമമായി സംവിധാനം ചെയ്ത് സംരക്ഷിക്കുകയും ചെയ്യുക ഒട്ടും തന്നെ പ്രയോഗികമല്ല. അത്തരം ഒരു ശേഖരം പൂർണമായിരിക്കുക വെറും സ്വപ്നമായിരിക്കും.

രാജ്യത്തിന്റെ വിസ്തൃതിയും, വിവിധ പ്രദേശങ്ങളിലുണ്ടാവുന്ന രേഖകളുടെ സ്വഭാവത്തിലെ നാനാത്വവും, അവയെ ഭൂമിശാസ്ത്രപരമായി ഒരിടത്തുമാത്രം കേന്ദ്രീകരികരിക്കപ്പെട്ട ഒരു സ്ഥാപനത്തിൽ സംഭരിക്കുക സാധ്യമല്ലാതാക്കിത്തീർക്കുന്നു. ഡെലിവറി ഓഫ് ബുക്ക്സ് ആൻഡ് ന്യൂസ് പേപ്പർസ് ആക്ട് ഉണ്ടെന്നിരിക്കിലും ഭാരതത്തിൽ അങ്ങോളമിങ്ങോളം പ്രസിദ്ധീകൃതമാവുന്ന രേഖകൾ അപ്പോഴപ്പോൾ ദേശീയ ഗ്രന്ഥാലയത്തിൽ ലഭ്യമാവുന്നു എന്നുറപ്പുവരണമെങ്കിൽ പ്രസിദ്ധീകരണരംഗത്തെ നിരന്തരം നിരീക്ഷിച്ചുകൊണ്ടിരിക്കുവാനുള്ള ഒരു സംവിധാനം ഉണ്ടാവണം. ഇതിലേക്ക് വേ

ണ്ടുന്ന കുററമററ ഒരു സംവിധാനം ഇല്ലെന്ന് പ്രസാധകരംഗത്തെയും ദേശീയഗ്രന്ഥാലയത്തിലെയും കണക്കുകൾ തന്നെ വ്യക്തമാക്കുന്നു.

NCAERന്റെ കണക്കനുസരിച്ച് 1971–ൽ മുപ്പതിനായിരം പുസ്തകങ്ങളാണ് ഇന്ത്യയിൽ പ്രസിദ്ധീകരിക്കപ്പെട്ടത്. പക്ഷേ അതിൽ 13614പുസ്തകങ്ങൾ മാത്രമേ ദേശീയ ഗ്രന്ഥാലയത്തിൽ ലഭിച്ചുള്ളു. അതായത് ഭാരതത്തിൽ പ്രസിദ്ധീകരിച്ചവയുടെ 45.38% മാത്രം. പതിനേഴ് വർഷം കൊണ്ട് അത് മുപ്പത് ശതമാനമായി കുറഞ്ഞിരിക്കുന്നു. അങ്ങനെ നമ്മുടെ മുദ്രിത സമ്പത്തിന്റെ മൂന്നിൽ രണ്ടുഭാഗം ശേഖരിച്ച് നാളേക്ക് വേണ്ടി നിലനിർത്തുവാൻ ദേശീയഗ്രന്ഥാലയത്തിന് കഴിയാതെ വരുന്നു. പ്രസിദ്ധീകരണ സ്ഥലത്തുനിന്നും ദേശീയഗ്രന്ഥാലയത്തിലേക്കുള്ള ഭൂമിശാസ്ത്രപരമായ അകൽച്ചയാണ് പൂർണമായ ഗ്രന്ഥസംഭരണസാധ്യതകളെ ഇല്ലാതാക്കുന്നത്. ശേഖരം അപൂർണമായി നിൽക്കുക മാത്രമല്ല, അതുപയോഗിക്കാൻ എത്തുന്നവർക്ക് ദേശീയഗ്രന്ഥാലയത്തിൽ ഉള്ള വിശ്വാസവും നഷ്ടമാവുന്നു. അന്വേഷകർ ആവശ്യപ്പെടുന്ന ഭാരതീയ ഗ്രന്ഥങ്ങളിൽ വെറും ഇരുപത് ശതമാനം മാത്രമേ ഇവിടെ ലഭ്യമായുള്ളൂ എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

## ആസ്ഥാനമല്ല പ്രശ്നം

എല്ലാ രാജ്യങ്ങളിലും തലസ്ഥാന നഗരത്തിലാണ് ദേശീയ ഗ്രന്ഥാലയം എന്നും, ഇവിടെയും മററ് ദേശീയസ്ഥാപനങ്ങൾ, (ദേശീയ മ്യൂസിയം തുടങ്ങിയവ) തലസ്ഥാനത്തു തന്നെയാണെന്നും അതുകൊണ്ട് ദേശീയ ഗ്രന്ഥാലയത്തെയും കൽക്കത്തയിൽ നിന്നും ഡൽഹിയിലേക്ക് മാററി സ്ഥാപിക്കണമെന്നും ദേശീയഗ്രന്ഥാലയത്തെ സംബന്ധിച്ച എല്ലാ പഠനങ്ങളും കമ്മിററി റിപ്പോർട്ടുകളും നിർദേശിക്കുന്നു. അതോടെ കൽക്കത്തയുടെ ഗ്രന്ഥാലയം എന്ന പ്രാദേശിക സ്വഭാവം മാറി ദേശീയ സ്വഭാവം കൈവരുമെന്നും പ്രശ്നങ്ങളൊക്കെ പരിഹരിക്കപ്പെടുമെന്നും ഇവർ വാദിക്കുന്നു. ഈ വാദത്തിൽ കഴമ്പില്ല. അപൂർണമാണെങ്കിൽകൂടി ഇത്രയും നാൾകൊണ്ട് കൽക്കത്തയിൽ ഈ ദേശത്തെ സംബന്ധിച്ച ഒരു വൻ ഗ്രന്ഥശേഖരം തന്നെയുണ്ടായിട്ടുണ്ട്. ഭാരതത്തെ സംബന്ധിച്ച വളരെയധികം അമൂല്യരേഖകൾ അവിടെയെത്തി; കിട്ടിയവയത്രയും നിലനിർത്താൻ ആവശ്യമായ കെട്ടിടങ്ങളും ഇന്ന് അവിടെയുണ്ട്. അത്ര വലിയ ഒരു ശേഖരം ഇനിയും ഡൽഹിയിലേക്ക് മാററുന്നത് ദുഷ്കരവുമാണ്. അതുകൊണ്ടുതന്നെ അതാവശ്യവുമില്ല. ഇവിടത്തെ ഗ്രന്ഥങ്ങളെ പൂർണമായും പകർത്തി ഡൽഹിയിൽ കൊണ്ടുചെന്ന് സൂക്ഷിക്കുവാനുള്ള ശ്രമം ഇന്നത്തെ അവസ്ഥയിൽ ഒരനാവശ്യമാണ്. ഇത്തരം ധൂർത്തുകൾ നമ്മുടെ ദരിദ്ര രാഷ്ട്രത്തിലെജനങ്ങൾക്ക് താങ്ങാനാവുന്നതല്ല.

ദേശീയ ഗ്രന്ഥാലയം എവിടെ സ്ഥാപിച്ചിരിക്കുന്നു എന്നതല്ല, അതിന്റെ സേവനം എവിടെവരെ എത്തുന്നു എന്നതാണ് നമുക്ക് പ്രധാനം. പ്രയോഗത്തിൽ ദേശീയ ഗ്രന്ഥാലയം കൽക്കത്തയിലായാലും ഡൽഹിയിലായാലും ഇങ്ങ് തിരുവനന്തപുരത്തായാലും ഫലം ഒന്നുതന്നെ. കൽക്കത്തായിലും മദ്രാസിലും ബോംബെയിലുമുള്ള മൂന്ന് നിക്ഷേപ ഗ്രന്ഥാലയങ്ങളിലൂടെ ദേശീയ ഗ്രന്ഥാലയത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാമെന്ന് ഭരണകർത്താക്കൾ വിശ്വസിക്കുന്നു. പക്ഷേ ഇപ്പോൾ ദേശീയ ഗ്രന്ഥാലയത്തിനുള്ള തകരാറുകൾ ഒക്കെയും ഈ പ്രാദേശിക കേന്ദ്രങ്ങൾക്കും ബാധകമാവും. മദ്രാസിലെയോ, ബോംബെയിലെയോ ഒരു പ്രാദേശിക കേന്ദ്രത്തിന്, അഞ്ചോ ആറോ സംസ്ഥാനങ്ങളിലെ അത്രയുംതന്നെ ഭാഷകളിലെരേഖകൾസംഭരിക്കുന്നതിനും അത്രയും പ്രദേശങ്ങളിലെ ജനങ്ങൾക്ക് സേവനമെത്തിക്കുന്നതിനും ദേശീയ ഗ്രന്ഥാലയം ഇപ്പോൾ അനുഭവിക്കുന്നതുപോലുള്ള എല്ലാ ബുദ്ധിമുട്ടുകളും നേരിടേണ്ടിവരും. ഡൽഹിയിലേക്ക് മാററി സ്ഥാപിക്കുന്നതോ, രണ്ടുമൂന്നു പ്രാദേശിക കേന്ദ്രങ്ങൾകൂടി സ്ഥാപിക്കുന്നതോ ശരിക്കും പരിഹാര മാർഗങ്ങളാവില്ല. അത്തരം അർഥമില്ലാത്ത സ്വപ്നങ്ങൾ വെടിഞ്ഞ് അനാവശ്യ ചെലവുകൾ ഉണ്ടാക്കിവെയ്ക്കാതെ നിലനിൽക്കുന്ന ഭാഗങ്ങൾ പൂർണമായും ഉപയോഗപ്പെടുത്തിക്കൊണ്ട്

ഒരു ദേശീയ ഗ്രന്ഥാലയം കെട്ടിപ്പടുക്കുവാൻ ശ്രമിക്കുകയാണ് ഇന്ന് നമുക്ക് ആവശ്യം.

## പരിജയ കാരണങ്ങൾ

ആസൂത്രിതമല്ലാത്ത വികസനം തന്നെയാണ് ദേശീയ ഗ്രന്ഥാലയത്തിന്റെ പരാജയത്തിന് പ്രധാന കാരണം. ശേഖരത്തിന്റെ സ്വഭാവത്തെക്കുറിച്ചോ പ്രവർത്തന മേഖലകളെക്കുറിച്ചോ മററു പ്രധാന ഗ്രന്ഥാലയങ്ങളുമായുള്ള സഹകരണത്തെക്കുറിച്ചോ ദേശീയ വിജ്ഞാന വിതരണ സംരംഭങ്ങളിൽ അതിനുള്ള സ്ഥാനത്തെക്കുറിച്ചോ ഒന്നുംതന്നെ വ്യക്തമായി മുൻകൂട്ടി തീരുമാനിച്ച പ്രവർത്തന പദ്ധതികളില്ല. നിമിഷംപ്രതി വിജ്ഞാന വിസ്ഫോടനം നടന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ എല്ലാ വിഷയങ്ങളെയും ഉൾക്കൊള്ളുന്ന ഒരു പൂർണമായ ഗ്രന്ഥശേഖരം സാധ്യമേയല്ല. ലോകത്തിലെ ഏററവും ബൃഹത്തും കാര്യക്ഷമവുമായ ലൈബ്രറി ഓഫ് കോൺഗ്രസ്സിനുകൂടി തങ്ങളുടെ ശേഖരം ചില വിഷയങ്ങളിൽ മാത്രമായി ഒതുക്കി നിർത്തേണ്ടിവരുന്നു. വിജ്ഞാന സംഭരണ, വിതരണ പ്രവർത്തനങ്ങൾക്ക് ഏററവുമധികം പ്രാധാന്യം കൊടുക്കുന്ന; ആധുനിക സാങ്കേതിക വിദ്യയും ധനവും സുലഭമായി അതിനുവേണ്ടി എടുത്തുപയോഗിക്കാൻ സന്നദ്ധതയുള്ള ഒരു സമ്പന്ന രാഷ്ട്രത്തിന്റെ ദേശീയ ഗ്രന്ഥാലയത്തിന് അസാധ്യമായ ഒരു ലക്ഷ്യം ഈ ദരിദ്ര രാഷ്ട്രത്തിലെ ഗ്രന്ഥാലയത്തിന് സാധ്യമാവുമെന്ന് നാം കരുതില്ലല്ലൊ. പക്ഷേ ഭാരതത്തെ സംബന്ധിക്കുന്ന രേഖകളെങ്കിലും പൂർണമായും സംഭരിക്കുന്നതിൽ ശ്രദ്ധ ചെലുത്തുന്നതിനുപകരം ഈ ഗ്രന്ഥാലയം മററ് രാജ്യങ്ങളെക്കുറിച്ചും വിഷയങ്ങളെക്കുറിച്ചുമൊക്കെയുള്ള വൻ ശേഖരങ്ങൾ സൗജന്യമായും കൈമാററത്തിലൂടെയും വിലകൊടുത്തും വാങ്ങിക്കൂട്ടുന്നു. അതുകൊണ്ട് പ്രധാന പ്രവർത്തനങ്ങളിൽ നിന്നും ശ്രദ്ധ പാളിപ്പോവുകയും ചെയ്യുന്നു.

ഗവൺമെൻറിന് ഈ ദേശീയ സ്ഥാപനത്തിൽ വേണ്ടത്ര താൽപര്യമില്ല. അർഹിക്കുന്ന പ്രാധാന്യം ഇതുവരെയും ദേശീയ ഗ്രന്ഥാലയത്തിന് നൽകിയിട്ടുമില്ല. ഏകദേശം ഇതേ സ്വഭാവമുള്ള, നെഹ്റു മ്യൂസിയം ലൈബ്രറി, സെൻട്രൽ സെക്രട്ടേറിയററ് ലൈബ്രറി, സെൻട്രൽ റഫറൻസ് ലൈബ്രറി തുടങ്ങിയ പല സ്ഥാപനങ്ങളെയും നിലനിർത്തുവാൻ ഗവൺമെൻറ് ചെലവിടുന്ന തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ അവയോടൊപ്പമുള്ള അവയെക്കാളും അൽപം വലിയ ഒരു സ്ഥാപനമായി മാത്രമേ അധികൃതർ ദേശീയ ഗ്രന്ഥാലയത്തെ കണക്കാക്കുന്നുള്ളൂ എന്ന കാര്യം നമുക്ക് വ്യക്തമാവുന്നു.

നെഹ്റു മെമ്മോറിയൽ മ്യൂസിയം ലൈബ്രറി, സെൻട്രൽ സെക്രട്ടേറിയററ് ലൈബ്രറി, നാഷണൽ ആർക്കൈവ്സ്, സെൻട്രൽ റഫറൻസ് ലൈബ്രറി, പാർലിമെൻറ് ലൈബ്രറി തുടങ്ങിയവയുടെ പ്രവർത്തനങ്ങളെക്കുറിച്ച് നമുക്ക് സമഗ്രമായൊരു വീക്ഷണമില്ല. ഇവയിൽ ചില ഗ്രന്ഥാലയങ്ങൾക്ക് മാത്രമായി ദേശീയ ഗ്രന്ഥാലയത്തിന് ചെലവിടുന്ന അത്രയും തന്നെ തുക ഗവൺമെൻറ് ചെലവിടുന്നുണ്ട്. ദേശീയ ഗ്രന്ഥാലയത്തിന്റെ അനാവശ്യമായൊരു ആവർത്തനമായി തീരുന്നു അവയിൽ ചിലതെങ്കിലും. ബോധപൂർവമായ സഹകരണത്തിലൂടെ അവയുടെ പ്രവർത്തന മേഖലകൾ മൊത്തത്തിൽ വിഭജിച്ചെടുത്ത്, അവരവരുടെ മേഖലകളിൽ പ്രവർത്തനം ഒതുക്കിനിർത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പകരം ഈ സ്ഥാപനങ്ങൾ സമാന്തര പ്രവർത്തനങ്ങളിലൂടെ യഥാർഥത്തിൽ ദുർവ്യയം വരുത്തി വയ്ക്കുന്നു. ഡെലിവറി ഓഫ് ബുക്സ് ആക്ട് അനുസരിച്ച് പുസ്തകങ്ങൾ നിക്ഷേപിക്കപ്പെടുന്ന, പ്രാദേശിക കേന്ദ്രങ്ങളുടെ പദവിയുള്ള മദ്രാസിലെ കണ്ണിമാറാ പബ്ലിക് ലൈബ്രറിയുമായും ബോംബെയിലെ ഏഷ്യാററിക് ലൈബ്രറിയുമായും പോലും കൽക്കത്തയിലെ ദേശീയ ഗ്രന്ഥാലയം പ്രവർത്തനങ്ങൾ വ്യക്തമായി വിഭജിച്ചെടുത്തിട്ടില്ല.

ശാസ്ത്രവിഷയങ്ങളിലും മററും കാര്യക്ഷമമായ ഒരു ശേഖരം കെട്ടിപ്പടുക്കുന്നതിന് അതാത് വിഷയങ്ങളിലെ വിദഗ്ധരുടെ സഹായമില്ലാതെ സാധ്യമാവില്ല. അത്തരം പ്രവർത്തനങ്ങൾക്കുവേണ്ടി INSDOC, BARC തുടങ്ങിയവയുമായോ മററ് സ്പെഷ്യൽ

ലൈബ്രറികളുമായോ ഗവേഷണ സ്ഥാപനങ്ങളുമായോ സഹകരിക്കാൻവേണ്ട യാതൊരു നിർദിഷ്ട പ്രവർത്തനപദ്ധതികളും രൂപപ്പെടുത്തിയിട്ടുമില്ല.

ദേശത്തെ സംബന്ധിക്കുന്ന മുദ്രിത സമ്പത്തും ദേശത്ത് ഉത്ഭവിക്കുന്ന മുദ്രിത സമ്പത്തുമാണല്ലോ, ദേശീയ ഗ്രന്ഥാലയം സംഭരിക്കേണ്ടുന്നത്. ഇവയുടെ മൂന്നിൽ രണ്ടുഭാഗവും ദേശീയ ഗ്രന്ഥാലയത്തിൽ എത്താതെ പോവുന്നു. ദേശീയഗ്രന്ഥാലയത്തിന്റെ സംവിധാനത്തിലും പ്രവർത്തനത്തിലുമുള്ള ഏററവും വലിയ പാളിച്ചയായി ഇതിനെ കണക്കാക്കണം. ഒരിടത്തുമാത്രമായി കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന നമ്മുടെ ദേശീയഗ്രന്ഥാലയത്തിൽ ഭാരതത്തിലെ ഇരുപതോളം ഭാഷകളിലായി പുറത്തിറങ്ങുന്ന രേഖകളുടെ സാഗരത്തെ നിരീക്ഷിക്കുവാനും, സംഭരിക്കുവാനും, വർഗീകരിച്ച് സൂചികകൾ തയ്യാറാക്കി ക്രമീകരിക്കുവാനും, അതത് ഭാഷകളിൽ, പ്രദേശികവിഷയങ്ങളിൽ പാണ്ഡിത്യമുള്ള ഓരോ ഭാഷയിലെയും മുദ്രിത സമ്പത്തിനെക്കുറിച്ച് അറിവുള്ള വിദഗ്ധരുടെ സേവനം തുടർച്ചയായി ലഭ്യമാവുക പ്രയാസമാണ്. അതില്ലാതെ അത്തരം പ്രവർത്തനങ്ങൾ വിജയിക്കുകയുമില്ല. ദേശീയഗ്രന്ഥാലയത്തിൽ ലഭിച്ച ഏറെ രേഖകളും ഉപയോഗയോഗ്യമല്ലാത്ത നിലയിൽ ക്രമീകരിക്കാതെയിടേണ്ടിവന്നതിനും പ്രാദേശികഭാഷകളിലെ ആനുകാലികങ്ങൾ തൂക്കിവിൽക്കേണ്ടിവന്നതിനുമൊക്കെ കാരണമിതാണ്.

അകലെയുള്ള ഒരു പ്രദേശത്തുത്ഭവിക്കുന്ന അവിടത്തെ പ്രാദേശികഭാഷയിലെ ഒരു രേഖയെ കൽക്കത്തയിലെ ഒരുദ്യോഗസ്ഥൻ സാധാരണഗതിയിൽ അത്ര ഗൗരവമായെടുക്കില്ല. കാരണം അതന്വേഷിച്ച് അവിടാരുമെത്തുകയില്ലല്ലോ. അങ്ങനെ പ്രാദേശികഭാഷകളിലുത്ഭവിക്കുന്ന നമ്മുടെ മുദ്രിതസമ്പത്തിന്റെ ഏററവും പ്രധാനഭാഗത്തെ സൂചികാപരമായി നിയന്ത്രിക്കുന്നതിൽ, പിന്നെ നിലനിർത്തുന്നതിൽ ദേശീയഗ്രന്ഥാലയം അപ്പാടെ പരാജയപ്പെടുന്നു.

ഭാരതത്തിന്റെ സംസ്ക്കാരവും ചരിത്രവുമൊക്കെ മറേറതൊരു രാജ്യത്തിന്റേതിലുമധികം ലോകമെമ്പാടും ഇന്ന് ചർച്ചാവിഷയമായിത്തീർന്നിരിക്കുന്നു. അതുകൊണ്ടു തന്നെ പല രാജ്യങ്ങളിലെ വ്യത്യസ്ത ഭാഷകളിൽ ദിവസവും ഭാരതത്തെക്കുറിച്ചുള്ള നൂറുക്കണക്കിന് രേഖകൾ ജനിക്കുന്നു. ഇവയെ നിരീക്ഷിച്ചുകൊണ്ടിരിക്കുവാനും താമസം വിനാ സംഭരിക്കുവാനും വേണ്ട യാതൊരു കാര്യക്ഷമമായ സംവിധാനവും നമുക്കില്ല. ഇവയുടെയും മൂന്നിൽ രണ്ട് ഭാഗം നമ്മുടെ ശ്രദ്ധയിൽപെടാതെപോകുന്നു. ഭാരതത്തെക്കുറിച്ച് പുറത്ത് പ്രസിദ്ധീകൃതമാവുന്ന രേഖകളിൽ ഇംഗ്ളിഷ് ഭാഷയിലുള്ളതിന്റെ ഒരംശം, അതായത് അമേരിക്കയിൽ നിന്നും ബ്രിട്ടണിൽ നിന്നുമുള്ളവ മാത്രമാണ് ഇവിടെയെത്തുന്നത്. ജർമൻ, ഫ്രഞ്ച്, ഇററാലിയൻ തുടങ്ങിയ മററു ഭാഷകളിലുള്ളവയുടെയും പിന്നെ ഏഷ്യയിലും ആഫ്രിക്കയിലും ലാററിനമേരിക്കയിലും നിന്നുള്ളവയുടേയും ഒരു ശതമാനം പോലും നമ്മുടെ കണ്ണിൽപെടുന്നില്ല. ദേശീയഗ്രന്ഥാലയത്തിന് അവ അറിഞ്ഞ് ശേഖരിക്കാനാവുന്നില്ല. പുസ്തകക്കച്ചവടക്കാരന് അവ ഇവിടെ ലഭ്യമാക്കുക ലാഭകരവുമല്ല.

## അതിരുകളില്ല

വിഷയത്തിന്റെ കാര്യത്തിലും മററ് പ്രവർത്തന മേഖലകളുടെ കാര്യത്തിലും അതിരുകൾ നിർണയിച്ചിട്ടില്ലാത്തത് തന്നെയാണ്, ശേഖരിച്ചവയുടെയെങ്കിലും ഉപയോഗക്ഷമമായ സംവിധാനത്തിന് തടസ്സമായി നിൽക്കുന്നത്. നമ്മുടെ മുദ്രിതസമ്പത്തിന്റെ മാത്രം കാര്യമെടുത്താൽകൂടി അത്രയും ശേഖരിച്ച് ഒററ സ്ഥലത്തായി സൂക്ഷിക്കുവാൻ വളരെയധികം സ്ഥലവും സാമഗ്രികളും പ്രവർത്തകരും ആവശ്യമായിവരുന്നു. അത്ര ബൃഹത്തായ ഒരു സ്ഥാപനത്തിന്റെ സംവിധാനത്തിലുണ്ടായേക്കാവുന്നു സങ്കീർണതകൾ അതിന്റെ ഉപയോഗത്തിന് തടസ്സമായിത്തീരും. ഒരു പരിധിവരെ വലിപ്പം ഗ്രന്ഥാലയത്തെ കൂടുതൽ ഉപയോഗപ്രദമാക്കുകയും ഉപഭോക്താക്കളുടെ ബഹുമാനം ആർജിക്കുകയും ചെയ്യുമെങ്കിലും അതിന്റെ സങ്കീർണതകൾ, സേവനത്തിന്റെയും കാര്യക്ഷമതയുടെയും ശത്രുവായിത്തീരും. അത്

ഗ്രന്ഥാലയമുപയോഗിക്കുന്നവരെ കുഴപ്പത്തിലാക്കുക മാത്രമല്ല പ്രവർത്തകരുടെ സേവനതൽപരതയ്ക്കും ക്ഷീണമുണ്ടാക്കും.

കൽക്കത്താ നഗരത്തിൽ ദേശീയഗ്രന്ഥാലയത്തിന് ഒരു പബ്ളിക് ലൈബ്രറിയുടെ പ്രവർത്തനംകൂടി നടത്തേണ്ടിവരുന്നു. ദേശീയഗ്രന്ഥാലയത്തിലെ രേഖകൾ ലഭ്യതയുടെയും, പ്രാധാന്യത്തിൻെറയും മാനദണ്ഡമുപയോഗിച്ച് വിതരണം നടത്താവുന്നവയെന്നും, റഫറൻസിന് മാത്രമായി സൂക്ഷിക്കേണ്ടുന്നവയെന്നും തരംതിരിച്ചിട്ടില്ല. സംരക്ഷിക്കേണ്ടുന്ന രേഖകളും വിതരണത്തിലൂടെ നഷ്ടമാവുന്നു. ശ്രദ്ധ പുസ്തകവിതരണ ശ്രമങ്ങളിലേക്കും ചിതറിപ്പോവുന്നു.

ഗ്രന്ഥാലയ ശാസ്ത്ര തത്വങ്ങളുടെ കാര്യത്തിൽ വൈദേശികതയോടുള്ള അന്ധമായ ഭ്രമം; ലോകമെമ്പാടും അംഗീകരിക്കപ്പെട്ട ഡോക്ടർ രംഗനാഥനെപ്പോലുള്ള വിദഗ്ധരെയും അവർ ആവിഷ്കരിച്ച പൗരസ്ത്യ ദേശങ്ങൾക്കനുയോജ്യമായ ഗ്രന്ഥാലയ ശാസ്ത്രപദ്ധതികളെയും അപ്പാടെ അവഗണിക്കുന്നതിന് കാരണമായി. ദേശീയ ഗ്രന്ഥാലയത്തിൻെറ ആദ്യ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചവർ അവിടത്തെ പുസ്തകവർഗീകരണത്തിനും സൂചികാനിർമാണത്തിനുമൊക്കെ വിദേശസമ്പ്രദായങ്ങളാണ് സ്വീകരിച്ചത്. ദേശീയ ഗ്രന്ഥാലയത്തിൻെറ പ്രവർത്തനങ്ങൾ പൂർണമായും വിജയിക്കുന്നതിന് ഈ തെററ് എന്നും തടസ്സമായിരിക്കുകയും ചെയ്യും.

ദേശീയ ഗ്രന്ഥാലയത്തിൽ എത്തിയ രേഖകളുടെ പ്രധാനഭാഗം വർഗീകരിച്ച് സൂചികകളിൽ ചേർക്കാതെ, ക്രമീകരിക്കാനാവാതെ കിടക്കുന്നു. വിജ്ഞാനാന്വേഷകരെ സംബന്ധിച്ചിടത്തോളം ഇത് ആ ജോലികൾ പൂർത്തീകരിക്കുന്നതുവരെ ഉപയോഗശൂന്യമായ ഒരു ശേഖരം തന്നെയാണ്. ഇന്ത്യൻ ഭാഷകളിലെ ശേഖരങ്ങളെ സംബന്ധിച്ചിടത്തോളം അവ പൂർണമായും ഉപയോഗയോഗ്യമാവാതെ തന്നെ നിൽക്കുന്നു.

ഭാരതത്തിൽ ലഭ്യമായിരിക്കുന്ന രേഖകളുടെ ഒരു യൂണിയൻ കാററ്ലോഗ് സംവിധാനം ചെയ്യാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല. പല സംസ്ഥാനങ്ങളിലായി, പല സ്ഥാപനങ്ങളിലായി ചിതറിക്കിടക്കുന്ന, ദേശീയ ഗ്രന്ഥാലയത്തിന് ലഭിച്ചിട്ടില്ലാത്ത രേഖകളെക്കുറിച്ച് ആ സ്ഥാപനത്തിന് ഒരറിവുമില്ല. ദേശീയ ഗ്രന്ഥസൂചിയുടെ നിർമാണം വേണ്ടവിധത്തിൽ ഏറെറടുത്ത് നടത്തുവാനും അതിലെ അപാകതകൾ മാററുവാനും ഇതുവരെയും കഴിഞ്ഞിട്ടില്ല. ഭാരതചരിത്രത്തിൻെറയും സംസ്കാരത്തിൻെറയും വിവിധ വശങ്ങളെക്കുറിച്ചുള്ള സൂചികകൾ നിർമിച്ച് ഭാരതത്തെക്കുറിച്ചുള്ള ഗവേഷണ പ്രവർത്തനങ്ങളെ വേണ്ട വിധത്തിൽ സഹായിക്കുവാൻ സാധിച്ചിട്ടില്ല. ദേശീയവിഷയങ്ങളെക്കുറിച്ചെങ്കിലും ഒരു ആനുകാലിക സൂചിക പ്രസിദ്ധീകരിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചിട്ടുകൂടിയില്ല.

ദേശീയഗ്രന്ഥാലയം ഇന്ന് അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങളെയും പരിഹരിക്കാവുന്ന കംപ്യൂട്ടർ, മൈക്രോഗ്രാഫിക്സ് തുടങ്ങിയ ആധുനിക സാങ്കേതിക മാർഗങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ കാര്യമായ അനാസ്ഥയുണ്ട്. ഈ ദേശത്തെ പ്രസിദ്ധീകരണങ്ങളെക്കുറിച്ച് പൂർണമായ അറിവില്ലാത്ത ഈ സ്ഥാപനത്തിന് മററ് ദേശങ്ങൾക്ക് അത്തരം വിവരങ്ങൾ ആവശ്യമായിവരുമ്പോൾ നൽകാനാവാതെവരുന്നു. അതുകൊണ്ട് ദേശാന്തരവിജ്ഞാന വിനിമയ പദ്ധതികളിൽ മാന്യമായ ഒരു സ്ഥാനം ലഭിക്കാതെ, അത്തരം പ്രവർത്തനങ്ങളിൽ പങ്കെടുക്കാനാവാതെപോവുന്നു.

ദേശത്തെ ഗ്രന്ഥാലയ, വിജ്ഞാന വിനിമയ പ്രവർത്തനങ്ങൾക്കുവേണ്ട നേതൃത്വം നൽകാൻ ദേശീയ ഗ്രന്ഥശാലയ്ക്ക് കഴിയുന്നില്ല. എല്ലാ സംസ്ഥാനങ്ങളിലും ഗ്രന്ഥാലയ നിയമവും കാര്യക്ഷമമായ ഗ്രന്ഥാലയ സംവിധാനവും നിലവിൽവന്നാലേ ദേശീയ ഗ്രന്ഥാലയത്തിനും പൂർണമായും ഉപയോഗക്ഷമമാവാനൊക്കൂ.

ദേശീയഗ്രന്ഥാലയത്തിൻെറ തകരാറുകളെക്കുറിച്ച് പഠിക്കാനും അവ പരിഹരിക്കാൻ വേണ്ട നിർദേശങ്ങൾ സമർപ്പിക്കാനും വേണ്ടി നിയമിക്കപ്പെട്ട കമ്മിററികളൊക്കെ

ദില്ലിയിലെയോ കൽക്കത്തയിലെയോ മാത്രം വ്യക്തികളടങ്ങുന്നവയായിരുന്നു. മാത്രമല്ല, ഗ്രന്ഥാലയ ശാസ്ത്രവിദഗ്ധരോ ആ രംഗത്തു വേണ്ടത്ര പ്രവർത്തന പരിചയമുള്ളവരോ ആയിരുന്നില്ല അധികം പേരും. അവരെ സംബന്ധിച്ചിടത്തോളം കൽക്കത്തയേയും സമീപ പ്രദേശങ്ങളെയും അല്ലെങ്കിൽ ദൽഹിയെ സേവിക്കുന്ന ഒരു വലിയ ഗ്രന്ഥശേഖരം എന്നതിനുമപ്പുറം ചിന്തിക്കേണ്ട ആവശ്യവുമില്ല. ദേശീയ ഗ്രന്ഥാലയത്തിന്റെ പ്രവർത്തന പദ്ധതികളും മററും ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുവാനുള്ള നാഷണൽ ലൈബ്രറി കൗൺസിലിനും തികച്ചും പ്രാദേശിക സ്വഭാവമാണുള്ളത്. ഇതൊക്കെ നമ്മുടെ ദേശീയ ഗ്രന്ഥാലയത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു.

## ഗ്രന്ഥസൂചി


1 Clapp, V. W. : Libraries in the eye of the nation the National Library, Ottawa, CLA, 1983.

2 Govi, K. M. : Library System in India Vijnanakairali, February, 1985.

3 Kaula, P. N. : National Library of India Bombay, Somaiya, 1970.

4 Raman Nair, R. : National Library A historical perspective, International Library Movemenr, Vol. 9 No. 1(1987).

5 Ranganathan, S. R. : National grid of pablic library service, Library herald, 1965.

6 Tyulina, N. I. : National LIbraries ELIS New York, Marul Dekker, 1976.


# അപ്രത്യക്ഷമാകുന്ന ജീവിവർഗങ്ങൾ

പി. പി. കെ. പൊതുവാൾ

പ്രകൃതിയുടേയും പ്രകൃതി വിഭവങ്ങളുടേയും പരിരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സംഘടനയായ ഐ.യു.സി.എൻ. (IUCN—International Union for Conservation of Nature and Natural Resources) തയ്യാറാക്കിയ ഒരു കണക്കനുസരിച്ച് പ്രതിവർഷം ഒരു ജീവവർഗം എന്ന തോതിൽ ജീവവർഗങ്ങൾക്കു വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഒരു ജീവിയും ഒററയ്ക്ക് അന്തർധാനം ചെയ്യാറില്ല. ഒരു സസ്യവർഗം കാലക്രമത്തിൽ ഏററവും ചുരുങ്ങിയത് 10–30 ജന്തുവർഗങ്ങളുടെയെങ്കിലും നാശത്തിനുകാരണമായിത്തീരുമെന്ന് പരിരക്ഷണ ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയിട്ടുണ്ട്.

'നാഷണൽ സയൻസ് ഫൗണ്ടേഷൻ' എന്ന സ്ഥാപനം തയാറാക്കിയ ഏററവും പുതിയ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത് ഭൂമിയിലെ ജീവിവർഗങ്ങളുടെ ഏതാണ്ട് കാൽ ഭാഗവും കടുത്തവംശനാശ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്നു എന്നാണ്. വൻമൃഗങ്ങളും സസ്യങ്ങളും മാത്രമല്ല, സൂക്ഷ്മജീവികളും ഫംഗസ്സുകളും ചെറുസസ്യങ്ങളും ഷട്പദങ്ങളുമെല്ലാം നാമറിയാതെ നമ്മുടെ കൺമുമ്പിൽവച്ചു തന്നെ നശിച്ചുകൊണ്ടിരിക്കുകയാണെന്നുവേണം കരുതാൻ. ജീവമണ്ഡലത്തിൽ ആകെ എത്രതരം ജീവികൾ ജീവിച്ചിരിപ്പുണ്ടെന്ന് ഇതുവരെ ആരും കണക്കാക്കിയിട്ടില്ലെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. ശാസ്ത്രത്തിന്റെ അറിവിൽ ഇതുവരെ 14 ലക്ഷം ജീവികൾ മാത്രമേ പെട്ടിട്ടുള്ളു. ഏററവും ചുരുങ്ങിയത് 8 കോടി ജീവിവർഗങ്ങളെങ്കിലും ഭൂമിയിൽ ഉണ്ടാകാൻ സാധ്യതയുണ്ടെന്നാണ് ഊഹം.

കാണ്ഗയും ഇന്ത്യൻ ചീററപുലിയും ഡോഡോപക്ഷിയുമെല്ലാം. അവയുടെ പ്രാകൃതികമായ ആവാസത്തിൽ നിന്ന് →